**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 –2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ് പ്രവേശനം 2025</u>**

**<u>മൂന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു</u>**

കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലെയും സ്വാശ്രയ ഫാർമസി കോളേജുകളിലെയും 2025 വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള മൂന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

മേൽ വെബ്സൈറ്റിലെ **'B.Pharm(LE)2025 - Candidate Portal'** - ലൂടെ ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Allotment Result'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് അലോട്ട്മെന്റ് വിവരം അറിയാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം 'Data Sheet' എന്ന മെനു ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ചവർ അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 7.3.8 -ൽ പറയുന്ന അസ്സൽ രേഖകളും സഹിതം 29.**12.2025 മുതൽ 31.12.2025 വൈകുന്നേരം 4.00 മണിക്ക്** മുമ്പ് ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. പ്രവേശന സമയത്ത് മുഴുവൻ ഫീസും കോളേജിൽ ഒടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ **31.12.2025 വൈകുന്നേരം 5.00 മണിക്ക്** മുമ്പ് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അംഗീകരിച്ച് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം. നിർദ്ദിഷ്ട തീയതികളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്.

മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷവും സീറ്റുകൾ ഒഴിവുണ്ടെങ്കിൽ അത്തരം ഒഴിവുകൾ മൂന്നാംഘട്ടത്തിനായി രജിസ്റ്റർ ചെയ്ത ഓപ്ഷനുകൾ അടിസ്ഥാനമാക്കി സ്ട്രേ വേക്കൻസി ഫില്ലിംഗിലൂടെ നികത്തുന്നതായിരിക്കും. ഒഴിവുള്ള സീറ്റുകളുടെ എണ്ണം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. സീറ്റുകൾ പരസ്പരം മാറ്റുന്നതിനോ, ഉപേക്ഷിക്കുന്നതിനോ, അലോട്ട്മെന്റ് ലഭിച്ച സീറ്റുകളിൽ നിന്നുള്ള മാറ്റമോ സ്ട്രേ വേക്കൻസി ഫില്ലിംഗ് ഘട്ടത്തിൽ അനുവദിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 −2332120, 2338487**

Signed by Arun S Nair
Date: 28-12-2025 15:02:01

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
28-12-2025